No.JC4/8297615/2026 date : 30.10.2026

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

മാർക്കറ്റ് ലേല പരസ്യം

കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ അധീനതയിലും മേൽനോട്ടത്തിലുമുള്ള പുതിയ മാർക്കറ്റും അനുബന്ധ കടമുറികളും വാണിജ്യ സേവന ആവശ്യങ്ങൾക്ക് മാത്രമായി 16.11.2026 ാം തീയതി രാവിലെ 11 മണിക്ക് ഗ്രാമപഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽവെച്ച് ലേലം ചെയ്ത് നൽകുന്നതാണ്.

ക്രമ നം	ലേല ഇനം	അധിക വിവരം
1	696 –ാം നമ്പർ ഫിഷ് സ്റ്റാൾ	16 ടേബിളോടുകൂടിയത്. സ്വന്തമായി നടത്തുന്നതിനോ ഗേറ്റ് ഫീസ് പിരിച്ച് മറ്റുള്ളവർക്ക് നൽകുന്നതിനോ.
2	698 – ാം ഇറച്ചി വ്യാപാര സ്റ്റാൾ	698 ാം നമ്പർ ഇറച്ചി വ്യാപാര സ്റ്റാൾ
3	699 – ാം നമ്പർ കടമുറി	
4	700 – ാം നമ്പർ കടമുറി	ഭിന്നശേഷിക്കാരായിട്ടുള്ളവർക്കായി സംവരണം (50% ൽ അധികം വൈകല്യമുള്ളവർ), മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5	701 – ാം നമ്പർ കടമുറി	എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം
6	702 – ാം നമ്പർ കടമുറി	വിധവകൾക്കായി സംവരണം – രേഖകൾ ഹാജരാക്കേണ്ടതാണ്.
7	703 – ാം നമ്പർ കടമുറി	
8	704 – ാം നമ്പർ കടമുറി	
9	705 – ാം നമ്പർ കടമുറി	
10	706 – ാം നമ്പർ കടമുറി	

ലേല നിബന്ധനകൾ

1) ലേലത്തിൽ പങ്കെടുക്കേണ്ടവർ ലേലത്തിന് അരമണിക്കൂർ മുമ്പായി 3,000/– നിരത ദ്രവ്യം കെട്ടിവെച്ച് തിരച്ചറിയൽ രേഖ (ആധാർ കാർഡ്, വോട്ടർ ഐ.ഡി. കാർഡ്) പകർപ്പ് സഹിതം രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.
2) പഞ്ചായത്തിൽ ഏതെങ്കിലും വിധത്തിൽ കുടിശ്ശിക ഉള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല
3) ലേലത്തിൽ പങ്കെടുക്കുന്ന ഏതൊരാളെയും ന്യായമായ കാരണത്തിൻമേൽ ലേലത്തിൽ പങ്കെടുപ്പിക്കാതിരുത്തുന്നതിനും യുക്തമെന്ന് തോന്നുന്ന കാരണത്തിൻമേൽ ലേലം മാറ്റിവയ്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും പൂർണ്ണ അധികാരം പഞ്ചായത്തിന് ഉണ്ടായിരിക്കുന്നതാണ്.
4) ഓരോ ഇനത്തിലും ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന ആളിന്റെ പേരിൽ പഞ്ചായത്തിന്റെ അംഗീകാരത്തിന് വിധേയമായി ലേലം താൽകാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. എന്നാൽ അന്തിമമായി ലേലം സ്ഥിരപ്പെടുത്തുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
5) ലേലം വിളയ്ക്കുന്ന തുകയും ആയതിന്റെ 18% ജി.എസ്.ടിയും സഹിതമുള്ള തുകയാണ് ലേലതുകയായി കണക്കാക്കുന്നത്.
6) ക്രമ നം. 1, 2 പ്രകാരമുള്ള ഗേറ്റ് ഫീസ് ഉൾപ്പെടെയുള്ള ലേലം താൽകാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്നവർ ലേലത്തുക ഒന്നായി അപ്പോൾതന്നെ അടയ്ക്കേണ്ടതാണ്. ക്രമനം. 3 മുതൽ 10 വരെയുള്ള കടമുറികളുടെ 3 മാസത്തെ വാടകയക്ക് തുല്യമായ തുക ഡിപ്പോസിറ്റായി അപ്പോൾ തന്നെ അടവാക്കേണ്ടതാണ്. ഇപ്രകാരം പ്രവർത്തികാതെ ഇതിന് വീഴ്ച വരുത്തുന്നവരുടെ നിരത ദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനും ലേല അവകാശം ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ അപ്പോൾ തന്നെ പുനർലേലം നടത്തുന്നതുമാണ്. ലേലം വിളികേൾക്കാത്തവരുടെ നിരത ദ്രവ്യം (രണ്ടാമത് ഉയർന്ന തുക വിളിച്ചയാളിന്റെ ഒഴിച്ച്) ലേലം കഴിഞ്ഞാൽ ഉടൻ തന്നെ തിരികെ നൽകുന്നതുമാണ്.
7) ലേലം സ്ഥിരപ്പെട്ട വ്യക്തി തുക അടവ് വരുത്താതെ വരുന്ന പക്ഷം ലേല പരസ്യം, അനുബന്ധമായി ഉണ്ടാകുന്ന എല്ലാ ചെലവുകളും തുടർ ലേലത്തിൽ കുറവ് വരുന്ന തുകയും ഉൾപ്പെടെയുള്ള സാമ്പത്തിക ബാധ്യതകൾക്കും നിയമ നടപടികൾക്കും നഷ്ടോത്തരവാദി ആയിരിക്കുന്നതാണ്.

8) ഗേറ്റ് ഫീസ് ലേലം പഞ്ചായത്ത് കമ്മിറ്റി സ്ഥിരപ്പെടുത്തിയാലുടൻ സെക്രട്ടറി നിർദ്ദേശിക്കുന്ന വിധത്തിൽ 200 രൂപയുടെ മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ സെക്രട്ടറി മുമ്പാകെ കരാർ വയ്കേണ്ടതാണ്.

9) ലേലക്കാരൻ യാതൊരു കാരണവശാലും കുത്തകാവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. കുത്തകാവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്തതായി ബോധ്യമാകുന്ന പക്ഷം കരാർ റദ്ദ് ചെയ്ത് കടമുറി ഏറ്റെടുത്ത് പുനർലേലം ചെയ്ത് നൽകുന്നതാണ്.

10) ഗേറ്റ് ഫീസ് പിരിവ് മാർക്കറ്റ് ചട്ടങ്ങളിൽ അനുശാസിച്ചിട്ടുള്ള പ്രകാരം പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ മാത്രമേ നടത്താൻ പാടുള്ളൂ.

11) ചന്തയുടെ ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശ ലേലത്തിൽ പിടിക്കുന്നയാൾ പഞ്ചായത്ത് നിജപ്പെടുത്തിയ തറവാടക ഒടുക്കുവരുത്തേണ്ടതാണ്.

12) ഏതെങ്കിലും തരത്തിൽ ആവശ്യമായി വരുന്നപക്ഷം മാർക്കറ്റ് നടത്തിപ്പ് നിയന്ത്രിക്കുകയോ നിർത്തി വയ്കുകയോ ചെയ്യുന്നതിനും വകസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന് പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും ആയത് തന്നെ ചേദ്യം ചെയ്യാൻ ലേലക്കാരന് അവകാശമില്ലാത്തതുമാകുന്നു.

13) ചന്തകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ഇരിക്കുന്നതും പൊതു താൽപര്യം പരിഗണിച്ച് അധിക വ്യവസ്ഥകൾ ചേർക്കണമെന്ന് പഞ്ചായത്തിൽ നിന്നും രേഖാമൂലം നിർദ്ദേശിച്ചാൽ അതനുസരിച്ച് പ്രവർത്തിക്കാൻ ലേലക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

14) മാർക്കറ്റ് സ്ഥലത്ത് തട്ടുകളോ ചാർത്തുകളോ മറ്റ് താൽക്കാലിക മാറ്റങ്ങളോ വരുത്തുന്നതിന് പഞ്ചായത്ത് സെക്രട്ടിയിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്.

15) മാർക്കറ്റ് സ്ഥലങ്ങൾ ശുചിയായും കേട് കൂടാതെയും സൂക്ഷിക്കുന്നതിന് ലേലക്കാരൻ ബാധ്യസ്ഥനാണ്. കൂടാതെ മുറിയിൽ ഉപയോഗിക്കുന്ന ഉപകരണ വസ്തുക്കളുടെ വൈദ്യുത ചാർജ്ജ്, വെള്ളക്കരം തുടങ്ങിയ മറ്റ് ചെലവുകളും ലേലക്കാരൻ വഹിക്കേണ്ടതാണ്. മാർക്കറ്റിൽ ലേലം കൊണ്ട കടമുറിയിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ലേലക്കാരൻ സ്വന്തം ചെലവിൽ നീക്കം ചെയ്യാൻ ബാധ്യസ്ഥനാണ്.

16) ഇറച്ചി സ്റ്റാളുകളുടെ ഉപയോഗ ക്രമവും മറ്റും അപ്പപ്പോൾ പഞ്ചായത്തിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾക്കും നിശ്ചിത ചട്ടങ്ങൾക്കും വിധേയമായിരിക്കും. ഈ വിഭാഗത്തിന്റെ കുത്തക കരാർ 1196 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചി കടകളും) ചട്ടങ്ങൾ പാലിച്ച് പോകേണ്ടതും അപ്രകാരം ലൈസൻസ് എടുത്തിരിക്കേണ്ടതുമാണ്. കൂടാതെ ബഹു.കേരള ഹൈക്കോടതിയുടെ 09.09.1998 ലെ ഒ.പി. 2383/98 ാം നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതും നിയമാനുസൃതമായ ലൈസൻസികൾ, അറപ്പുളവാക്കുന്ന തരത്തിൽ ഇറച്ചി പ്രദർശിപ്പിക്കാൻ പാടില്ലാത്തതും ആകുന്നു.

17) ഇറച്ചി വ്യാപാരം നടത്തുന്നതിന് ലേലത്തിൽ പിടിക്കുന്നയാൾ സ്ലോട്ടറിംഗ് സൗകര്യമുള്ള സമീപപ്രദേശത്തെ അംഗീകൃത സ്ലോട്ടറിംഗ് ഹൗസിൽ നിന്നും സ്ലോട്ടറിംഗ് നടത്തിക്കൊണ്ടുവരുന്ന ഇറച്ചി മാത്രമേ പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത തരത്തിൽ കച്ചവടം നടത്തുവാൻ പാടുള്ളൂ. ആരോഗ്യ നിബന്ധനകൾ പാലിച്ചു ഭക്ഷ്യയോഗ്യമായ ഇറച്ചി മാത്രമേ കച്ചവടം നടത്തുവാൻ പാടുള്ളൂ.

18) സ്ലോട്ടറിഗ് ഹൗസിൽ നിന്നും വരുന്ന മാംസഭാഗത്തിലെ മുദ്ര പതിപ്പിക്കപ്പെട്ട ഭാഗം ഇറച്ചി വിറ്റു തീരുന്നത് വരെ സൂക്ഷിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കടയിലുള്ള ഇറച്ചി മുദ്രവയ്ക്കാത്ത മൃഗത്തിന്റെതാണ് എന്ന് കണക്കാക്കുന്നതും പരിശോധന അധികാരിക്കോ സെക്രട്ടറിക്കോ അദ്ദേഹം ഇതിലേക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആയത് പിടിച്ചെടുത്ത് നശിപ്പിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ നശിപ്പിക്കുന്നതിന് ആവശ്യമായ തുക ചട്ടത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം ലേലം സ്ഥിരപ്പെടുത്തിയ വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

19) മേൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ലേലം റദ്ദ് ചെയ്യുന്നതിനും പുനർ ലേലം നടത്തുന്നതുൾപ്പെടെയുള്ള ചെലവുകൾ ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

20) ക്രമ നം. 1, 2, പ്രകാരമുള്ള സ്റ്റാളുകളുടെ കാലാവധി 2027 മാർച്ച് 31 വരെയാണ്. ബാക്കിയുള്ള കടമുറികളുടെ ലേല കാലാവധി പരമാവധി 3 വർഷവും ഒരോ സാമ്പത്തിക വർഷവും 5% വാടകയിൽ വർദ്ധനവ് സഹിതം കരാർ പുതുക്കേണ്ടതാണ്.

21) ക്രമനം 3 മുതൽ 10 വരെയുള്ള കടമുറികളുടെ വാടക എല്ലാ മാസവും 5 ാം തീയതിക്ക് മുമ്പായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതാണ്. 3 മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതും കടമുറി പഞ്ചായത്ത് ഏറ്റെടുത്ത് പുനർലേലം ചെയ്യുന്നതുമാണ്.

22) ലേല ദിവസം അവധിയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം ലേല നടപടികൾ സ്വീകരിക്കുന്നതാണ്.

23) ലേല / വാടക കരാർ സംബന്ധിച്ച് എല്ലാ വ്യവഹാരങ്ങൾക്കും ബഹു.കൊല്ലം സിവിൽ കോടതി,ബഹു.കേരള ഹൈക്കോടതി എന്നിവരയുടെ അധികാര പരിധിയിലായിരിക്കും

24) സംവരണ വിഭാഗങ്ങൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ള കടമുറികൾ ആ വിഭാഗത്തിൽ നിന്നും ലേലം കൊള്ളുന്നതിന് ആളുകൾ ഇല്ലാത്ത പക്ഷം ടി കടമുറികൾ പൊതു വിഭാഗത്തിൽപ്പെട്ടവർക്കായി ലേലം ചെയ്ത് നൽകുന്നതാണ്.

കിഴക്കേകല്ലടഗ്രാമപഞ്ചായത്ത്,
30.10.2026.

(ഒപ്പ്)
സെക്രട്ടറി
കിഴക്കേകല്ലടഗ്രാമപഞ്ചായത്ത്

NB: പഞ്ചായത്തിൽ ഒടുക്കുവരുത്തുവാനുള്ള നികുതി, ഫീസ് എന്നിവ കൃത്യമായി ഒടുക്കി, ജപ്തി, പ്രോസിക്യൂഷൻ നടപടികളിൽ നിന്നും ഒഴിവാകേണ്ടതാണ്.